**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 344** — **01-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിൽ സുതാര്യതയും ശേഷിയും ഉയർത്തുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | പുതിയ കാലത്തെ മാറ്റങ്ങൾ തിരിച്ചറിഞ്ഞ് സഹകരണ മേഖലയിൽ സുതാര്യതയും ശേഷിയും ഉയർത്തുന്ന പദ്ധതികൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പുതിയ കാലത്തെ മാറ്റങ്ങൾ തിരിച്ചറിഞ്ഞ് സഹകരണ മേഖലയിൽ സുതാര്യത ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി ക്രമക്കേടുകൾ തടയുന്നതിനും സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ട് കൊണ്ടും കേരള സഹകരണ സംഘം ഭേദഗതി നിയമം അംഗീകരിച്ചിട്ടുണ്ട്. ടി നിയമ ഭേദഗതിയുടെ അടിസ്ഥാനത്തിൽ കേരള സഹകരണ ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച പരിശോധനകൾ കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും താലൂക്ക് തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>സഹകരണ മേഖലയിൽ സുതാര്യതയും ശേഷിയും ഉയർത്തുന്നതിനും സഹകരണ മേഖലയിലെ ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിലേയ്ക്കായി ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കി വരുന്നു.<br><br>അതോടൊപ്പം സഹകരണ നിയമ ഭേദഗതി പ്രകാരം സഹകരണ മേഖലയിലെ അക്കൗണ്ടിംഗ് GAAP-ലേയ്ക്ക് മാറ്റുന്നതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾക്ക് ഒരു മോഡൽ അക്കൗണ്ടിംഗ് മാന്വൽ ലഭ്യമാക്കുന്നത് അത്യന്താപേക്ഷിതമാണ്. അക്കൗണ്ടിംഗ് രീതി മാറ്റുന്നതിന്റെ ഭാഗമായും ടീം ഓഡിറ്റ് നടപ്പിലാക്കിയതിന്റെ ഭാഗമായും ഓഡിറ്റിംഗ് |

മാന്വൽ, ഓഡിറ്റ് നോട്ട്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവയിലും പരിഷ്കരണങ്ങൾ ആവശ്യമാണ്. ആയതിനുള്ള സത്വര നടപടികളുമായി വകുപ്പ് മുന്നോട്ട് പോവുകയാണ്.

വസ്തു ഈടുകളുടെ സാമ്പിൾ തെരഞ്ഞെടുത്ത് ഭൗതിക പരിശോധന നടത്തുവാൻ ഓഡിറ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓഡിറ്റ് MATRIX–ന്റെ ഉപയോഗത്തിലൂടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിനുമുള്ള പരിശീലനം ഓഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവത്കരിക്കുന്നതിനും, അക്കൗണ്ടിംഗ് സിസ്റ്റം സുതാര്യമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും, സഹകരണ മേഖലയിലേക്ക് കൂടുതൽ ജനങ്ങളെ പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനുമായി ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകരണ വകുപ്പിന്റെ ആധുനിക വത്ക്കരണത്തിന്റെ ഭാഗമായി ICDMS (Integrated Co-operative Department Management System) പദ്ധതി പ്രകാരം സഹകരണ സംഘങ്ങളുടെ ആഡിറ്റ് റിപ്പോർട്ട് സോഫ്റ്റ് വെയർ സംവിധാനത്തിൽ തയ്യാറാക്കി ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുള്ള ആഡിറ്റ് മോഡ്യൂളിന്റെ സോഫ്റ്റ് വെയർ ഡെവലപ്മെന്റ് നടപടികൾ അന്തിമ ഘട്ടത്തിലാണ്. യൂസർ അക്സ്പ്റ്റൻസ് ടെസ്റ്റ് (UAT) നടപടികൾ പുരോഗമിക്കുന്നു.

സഹകരണസംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടിലെ പ്രധാനപ്പെട്ട വിവരങ്ങൾ പൊതുജനങ്ങൾക്ക് പരിശോധനയ്ക്ക് ലഭ്യമാകുന്നതിനായി Co-operative Audit monitoring and Information System (CAMIS) എന്ന ഡാഷ് ബോർഡ് സേവനം www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാണ്. സംഘങ്ങളുടെ അംഗത്വം, നിക്ഷേപം, വായ്പ, ലാഭം/നഷ്ടം തുടങ്ങിയ വിവരങ്ങൾ ഇതിലൂടെ അറിയാൻ കഴിയുന്നതാണ്. സഹകരണമേഖലയുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ഇടപാടുകാർക്കും അംഗങ്ങൾക്കും സ്ഥാപനത്തെ കുറിച്ച് കൂടുതൽ അറിയുന്നതിനും ഈ സേവനം സഹായിക്കുന്നു.

| | | | |
|---|---|---|---|
| | | | സഹകരണ നിയമപ്രകാരമുള്ള അന്വേഷണങ്ങളിലോ പരിശോധനയിലോ ഓഡിറ്റിലോ ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം കൃത്യവിലോപം വരുത്തിയ ജീവനക്കാർക്കും ഭരണ സമിതി അംഗങ്ങൾക്കുമെതിരെ ക്രിമിനൽ നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്<br><br>പ്രവർത്തന ക്ഷമമായ പദ്ധതികൾ/ സാധ്യതയുള്ള പദ്ധതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ദുർബലമായ സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങളെ പുനരാസൂത്രണം ചെയ്യുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുകയും പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണസംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണമായ സാഹചര്യത്തിൽ പ്രവർത്തനം നിലച്ചതും എന്നാൽ പ്രവർത്തന സാധ്യതയുള്ളതുമായ സംഘങ്ങളുടെ പുനരുദ്ധാരണം എന്നീ ലക്ഷ്യങ്ങളോടെ "കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി" എന്നപേരിൽ ഒരു പദ്ധതി രൂപീകരിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളതാണ്. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതിയ്ക്കായി 2024-25 സാമ്പത്തിക വർഷം ആകെ 750.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>കാർഷിക അനുബന്ധ മേഖലകളുടെ മത്സരക്ഷമതയും പ്രവർത്തന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി, 2022-2023 സാമ്പത്തിക വർഷം മുതൽ "സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി" Co-operative Initiative in Technology Driven Agriculture (CITA) എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ആകെ 3000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>സഹകരണ പരീക്ഷാ ബോർഡിൽ ഒറ്റത്തവണ രജിസ്ട്രേഷൻ, ഡിജിറ്റൽ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ തുടങ്ങിയവ ഏർപ്പെടുത്തി സഹകരണ പരീക്ഷാ ബോർഡിന്റെ നിയമന രീതി നവീകരിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | സഹകാരികൾക്ക് സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി നിലയങ്ങൾ ആരംഭിക്കുന്നതിനായി സബ്സിഡിയോടുകൂടി വായ്പകൾ വിതരണം ചെയ്യുന്ന | (ബി) | സഹകാരികൾക്ക് സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി നിലയങ്ങൾ ആരംഭിക്കുന്നതിനായി സബ്സിഡിയോടുകൂടി വായ്പകൾ വിതരണം ചെയ്യുന്ന പദ്ധതി സഹകരണ മേഖലയിൽ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | പദ്ധതി സഹകരണ മേഖലയിൽ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | | സംസ്ഥാന സർക്കാരിന്റെ മൂന്നാം നൂറുദിന പരിപാടിയുമായി ബന്ധപെട്ട് സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ എന്നിവ മുഖേന വ്യക്തികൾക്ക് വീട്ടുകളിൽ സൗരോർജ്ജം ഉപയോഗിച്ചുള്ള വൈദ്യുത നിലയങ്ങൾ ആരംഭിക്കുന്നതിനായി വായ്പകൾ നൽകുന്നതിനാണ് "**സൗരജ്യോതി**" പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. കേരള സംസ്ഥാനത്തിന്റെ വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപയോഗം, ഭീമമായ വൈദ്യുത ചെലവ് എന്നിവ കുറയ്ക്കുന്നതിനും, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുക എന്നിവ ലക്ഷ്യമിട്ടാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് വ്യക്തികൾക്ക് നൽകുന്ന ഗ്രിഡ്ബന്ധിത സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾ വഴി വായ്പ നൽകുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. സൗരോർജ്ജ നിലയം ആരംഭിക്കുന്നതിനായി സബ്സിഡി കഴിഞ്ഞ് ഉപഭോക്താവ് ചെലവഴിക്കേണ്ട ആകെ തുകയുടെ 80 ശതമാനമോ പരമാവധി മൂന്നു ലക്ഷം രൂപയോ വായ്പയായി അനുവദിക്കുന്നതാണ്. വായ്പയുടെ പലിശ നിരക്ക് പരമാവധി 10 ശതമാനവും, കാലാവധി പരമാവധി 5 വർഷവും ആയിരിക്കും. ടി പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപെട്ട് സഹകരണ സംഘം രജിസ്ട്രാറുടെ 14/23 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ എന്നിവ മുഖേന 106 വായ്പകളിൽ ആയി ആകെ 2.19 കോടി രൂപയുടെ വായ്പ അനുവദിച്ചിട്ടുണ്ട്. |
| (സി) | സാധാരണക്കാരായ വിദ്യാർത്ഥികളേയും യുവാക്കളേയും തൊഴിലന്വേഷകരേയും സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടി സഹകരണ വകുപ്പ് നൈപുണ്യ വികസന വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സാധാരണക്കാരായ വിദ്യാർത്ഥികളേയും യുവാക്കളേയും തൊഴിലന്വേഷകരേയും സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടി സഹകരണ വകുപ്പ് "**നൈപുണ്യ വികസന വായ്പാ പദ്ധതി**" നടപ്പിലാക്കിയിട്ടുണ്ട്. സർക്കാരിന്റെ നേതൃത്വത്തിൽ നടത്തിയ മൂന്നാം നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾ എന്നിവ മുഖേന ASAP-KERALA, KASE, ODEPEC, GIFT എന്നിവ നടത്തുന്ന തെരഞ്ഞെടുക്കപ്പെട്ട വിവിധ കോഴ്സുകളിൽ വിദ്യാർത്ഥികൾക്കും, ഉദ്യോഗാർത്ഥികൾക്കും പരിശീലനം ലഭിക്കുന്നതിനായി കോഴ്സ് ഫീ വായ്പയായി നൽകുന്നതാണ് പ്രസ്തുത പദ്ധതി. കോഴ്സ് ഫീസോ, ഫീസിനത്തിൽ പരമാവധി ഒന്നര ലക്ഷം രൂപയോ |

| | | | |
|---|---|---|---|
| | | | ഏതാണോ കുറവ് ടി തുക വായ്പ ആയി അനുവദിക്കുന്നു. പലിശ നിരക്ക് പരമാവധി 10 ശതമാനമാണ്. കോഴ്സ് തീർന്ന് 6 മാസത്തിന് ശേഷമോ, ജോലി ലഭിച്ച് 3 മാസത്തിന് ശേഷമോ ഏതാണ് ആദ്യം വരുന്നത് അന്ന് മുതൽ പരമാവധി 36 മാസത്തിനുള്ളിൽ വായ്പ തിരിച്ചടയ്ക്കേണ്ടതാണ്. സംസ്ഥാനത്ത് നിലവിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന 21 വായ്പകളിലായി ആകെ 21.10 ലക്ഷം രൂപ നൈപുണ്യശേഷി വായ്പ ഇനത്തിൽ അനുവദിച്ചിട്ടുണ്ട്.<br><br>കൂടാതെ സംസ്ഥാന സർക്കാരിന്റെ കിഴിലുള്ള അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ (ASAP) വിവിധ നൈപുണ്യ വികസന കോഴ്സുകളിലേയ്ക്ക് പ്രവേശനം നേടുന്ന വ്യക്തികൾക്ക് കേരള ബാങ്ക് മുഖേന കെ.ബി സ്കിൽ ലോൺ നൽകി വരുന്നുണ്ട്. |
| (ഡി) | സഹകരണമേഖലയിലൂടെ പരമ്പരാഗത ഭക്ഷ്യ, കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെയും വിനോദസഞ്ചാരത്തിന്റെയും വളർച്ച നേടിയെടുക്കാനും ഇതിലൂടെ പ്രസ്തുത മേഖലകളിൽ ആഗോള അംഗീകാരം നേടിയെടുക്കാനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ഏകീകൃത ബ്രാന്റിംഗ് കൊണ്ടുവന്ന് വിപണി നേടുക എന്ന ലക്ഷ്യത്തോടെ സഹകരണ വകുപ്പ് വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുള്ള "ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതിയുടെ ഭാഗമായി സഹകരണ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ സെൻട്രൽ ഗവണ്മെന്റ് അംഗീകാരമുള്ള coopkerala സർട്ടിഫിക്കേഷൻ മാർക്ക് നല്കി വരുന്നുണ്ട്.<br><br>സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ഉല്പ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ വെളിച്ചെണ്ണ, എള്ളെണ്ണ, തേയില, ടപ്പിയോക്കാ വിത്ത് മസാല, ടപ്പിയോക്കാ ഡ്രൈ, ചക്ക ഡ്രൈ, ബനാനാ വാക്വം ഫ്രൈ, പൈനാപ്പിൾ ഡ്രൈ, സ്പൈസസ് തുടങ്ങിയവ അമേരിക്ക, ബ്രിട്ടൻ, ന്യൂസിലാന്റ്, യു.എ.ഇ, ഒമാൻ, ദുബായ്, ഖത്തർ തുടങ്ങിയ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>സഹകരണ ഉൽപ്പന്നങ്ങൾ കൂടുതൽ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിനായി യു.എസ്.എ., യു.കെ, ദക്ഷിണാഫ്രിക്ക, മധ്യേഷ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്ന വ്യവസായ ഏജൻസികളെയും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സഹകരണ സംഘങ്ങളുടെ പ്രതിനിധികളെയും പങ്കെടുപ്പിച്ച് കൊണ്ട് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ എക്സ്പോർട്ട് ബിസിനസ് |

മീറ്റ്-2024 സംഘടിപ്പിച്ചിരുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ഓർഡർ പ്രകാരമുള്ള കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിദേശത്തേക്ക് കയറ്റി അയക്കുന്നതിന് സഹകരണ സംഘങ്ങൾ സജ്ജമായിട്ടുള്ളതുമാണ്.

കാർഷിക മേഖല അടിസ്ഥാനമാക്കി വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനുള്ള പദ്ധതികളുടെ ഭാഗമായി പാലക്കാട് ജില്ലയിലെ നെൽകർഷകരുടെ പ്രതിസന്ധി പരിഹരിക്കുംവിധം നെല്ല് സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിനായി പാലക്കാട് ജില്ലയിലെ 36 പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്യൂയർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS) രൂപീകരിച്ച് സംഘത്തിന്റെ അധീനതയിൽ അത്യാധുനിക റൈസ് മില്ലും ഗോഡൗണും നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ പാലക്കാട് ജില്ല ഒഴികെയുള്ള ജില്ലകൾ പ്രവർത്തന പരിധിയായി സംസ്ഥാനത്തെ കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് സംസ്കരിച്ചും കാർഷിക ഉൽപ്പന്നങ്ങൾ ജില്ലക്ക് അകത്തും പുറത്തും വിപണനം നടത്തുക, സംസ്കരണ കേന്ദ്രങ്ങൾ, സംഭരണ ശാലകൾ എന്നിവ സ്ഥാപിക്കുക, കൂടാതെ സർക്കാർ, അർദ്ധ-സർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾ വഴിയും ഓൺലൈൻ സംവിധാനത്തിലൂടെയും വിപണന സൗകര്യം ഏർപ്പെടുത്തുകയും സ്വന്തമായി വിപണന കേന്ദ്രങ്ങൾ നടത്തുകയും, സംഘം പ്രവർത്തന പരിധിയിൽപെട്ട മുഴുവൻ നെൽകൃഷിക്കാരെ സഹായിക്കുകയും സംസ്ഥാനത്തെ നെൽകൃഷി വ്യാപിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4505 (KAPCOS)എന്ന സഹകരണ സംഘം 2021 ആഗസ്റ്റ് 27ന് രൂപീകരിക്കുകയും റൈസ് മില്ല് സ്ഥാപിക്കുന്നതിനായി കോട്ടയം മീനച്ചിൽ താലൂക്കിൽ വാങ്ങിയിട്ടുള്ള സ്ഥലത്ത് ആധുനിക റൈസ് മില്ല് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരുകയും ചെയ്യുന്നു. കേരള ബാങ്ക് മുഖേന കാർഷിക സംസ്കരണ മേഖലയിലും മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണ സംരഭങ്ങൾക്കുമുള്ള വായ്പാ സഹായം നൽകുന്നതിന് കെ.ബി മൈക്രോ ഫുഡ് പ്രോസ്സസിംഗ് വായ്പാ പദ്ധതി കേന്ദ്ര സർക്കാരിന്റെ സബ്സിഡിയോടു കൂടി നടപ്പിലാക്കി വരുന്നുണ്ട്. മൂല്യ വർദ്ധിത ഉല്പാദനത്തിലൂടെ കർഷകരുടെ വരുമാനം

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കൽ സമ്പദ്ഘടനയുടെ വളർച്ച എന്നിവ ലക്ഷ്യമിട്ട് കൊണ്ട് കാർഷിക ഉൽപ്പാദന സംഘടനകൾക്ക് KB -FPO എന്ന പ്രത്യേക വായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br><br>സംസ്ഥാനത്ത് ടൂറിസം മേഖലയിൽ സഹകരണ സ്ഥാപനങ്ങൾ വളരെയേറെ നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത്. സഹകരണ മേഖലയിൽ ടൂറിസം വികസനം ലക്ഷ്യമാക്കി പ്രാഥമിക ടൂറിസം സഹകരണ സംഘങ്ങളും, സംസ്ഥാനതല ടൂറിസം സംഘങ്ങളും, പ്രാഥമിക ടൂറിസം സഹകരണ സംഘങ്ങളുടെ അപ്പക്സ് ഫെഡറേഷനായ ടൂർഫെഡും(ടൂറിസം ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി) പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. യാത്ര എന്ന ആശയം ഫലപ്രദമായി നടപ്പിലാക്കുന്നതിന് കേരളത്തിനകത്തും പുറത്തും വിദേശ രാജ്യങ്ങളിലും ടൂറിസം പ്രവർത്തനങ്ങൾക്കാവശ്യമായ എല്ലാത്തരം സഹായങ്ങളും നൽകുക എന്ന ലക്ഷ്യത്തോടെ പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ വിവിധ തരത്തിലുള്ള ദേശീയ അന്തർദേശീയ ടൂർപാക്കേജുകൾ ടൂർഫെഡ് ഏർപ്പെടുത്തി വരുന്നു. കൂടാതെ ടൂറിസം മേഖലയുടെ വികസനം ലക്ഷ്യം വെച്ചുകൊണ്ട് കേരള ബാങ്ക് മുഖേന ടൂറിസം ഡെവലപ്മെന്റ് ലോണും കെ.ബി ഹോം സ്റ്റേ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ